I/244179/2024

**ഭരണഭാഷ-മാതൃഭാഷ**

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം(പ്ലാനിംഗ് വിഭാഗം)**

**നാലാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030**

**ഫോൺ: 0484 – 2427223, ഇ-മെയിൽ : stpekm@gmail.com**

**സീനിയർ ടൗൺ പ്ലാനറുടെ നടപടി ക്രമം**

വിഷയം :- സാങ്കേതിക വിഭാഗം - മണീട് ഗ്രാമപഞ്ചായത്ത് - പെട്രോൾ പമ്പ് നിർമ്മാണം - ലേ-ഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം – നൽകി ഉത്തരവാകുന്നു.

പരാമർശം:- ശ്രീ.ബിജുമോൻ കെ മാത്യു - ൻറെ 24/2/2024 ലെ അപേക്ഷ

==================================================================

ഉത്തരവ് നമ്പർ LSGD/JD/EKM/1931/2024-PLG3 D-DIS, തീയതി:22-03-2024

==================================================================

മൂവാറ്റുപുഴ താലൂക്ക്, മണീട് ഗ്രാമപഞ്ചായത്ത്, മണീട് വില്ലേജിൽ സർവ്വേ നമ്പർ 130/3-2-ൽ ഉൾപ്പെട്ട 2448 ച.മീറ്റർ പ്ലോട്ടിൽ നിന്നും നിർമ്മാണ സ്ഥലമായി രേഖപ്പെടുത്തിയ 1050 ച.മീറ്റർ സ്ഥലത്ത് 231.35 ച.മീറ്റർ ബിൽറ്റ് അപ്പ് ഏരിയ വരുന്ന പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള ലേ-ഔട്ട് അനുമതിക്കായി ശ്രീ ബിജുമോൻ കെ മാത്യു, കുഴിക്കാട്ടുകുഴിയിൽ ഹൗസ്, നേരിട്ട് സമർപ്പിച്ചിരിക്കുന്ന പരാമർശ അപേക്ഷ പരിശോധിച്ചതിൽ പ്രസ്തുത നിർമ്മാണം KPBR-2019 -ലെ ബാധകമായ ചട്ടങ്ങൾ പാലിക്കുന്നതായി കാണുന്നു. ടി നിർമ്മാണം ചുറ്റുപാടുമുള്ള വികസനങ്ങളെ പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് കാണുന്നതിനാൽ, ഇതോടൊപ്പം ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി നിർദ്ദിഷ്ട നിർമ്മാണത്തിന് KPBR 2019 ചട്ടം 30 പ്രകാരം ലേ-ഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. കെ. പി. ബി. ആർ. 2019, ചട്ടം 9(2) പ്രകാരം സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

2. നിർദ്ദിഷ്ട നിർമ്മാണം കെ. പി. ബി. ആർ. 2019-നും അനുബന്ധ ഭേദഗതികൾക്കും, നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

3. ജില്ലാ കളക്ടർ, ഫയർ & റസ്ക്യൂ സർവ്വീസ്, തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി./സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

4. എർത്ത് കട്ടിംഗ്, ഫില്ലിംഗ് & നീക്കം ചെയ്യൽ ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിൻറെ എൻ.ഒ.സി. നേടിയിരിക്കണം.
5. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക്/ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008-ലെ കേരള നെൽ വയൽ തണ്ണീർത്തട നിയമം, അനുബന്ധ ഗവ. സർക്കുലറുകൾ KLU Order 1967 എന്നിവ ബാധകമാകുന്നപക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
6. നിർദ്ദിഷ്ട സ്ഥാപനത്തിൻറെ നിർമ്മാണവും പ്രവർത്തനവും സമീപറോഡിലെ ഗതാഗതത്തേയും, റോഡിൻറെ സുരക്ഷിതത്ത്വത്തേയും പ്രതികൂലമായി ബാധിക്കാത്ത വിധത്തിലാണെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.
7. പ്രസ്തുത നിർമ്മാണം പരിസരവാസികളുടെ സ്വൈര ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് പഞ്ചായത്ത് ഉറപ്പാക്കണം.
8. ഖര മാലിന്യ സംസ്കരണം/ഉപരിതല ജലനിർഗ്ഗമനം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്നും പഞ്ചായത്ത് ഉറപ്പ് വരുത്തണം.
9. Petroleum Rules 2002-ലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നിർദ്ദിഷ്ട നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത് എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
10. കെപിബിആർ-2019 ചട്ടം 79 പ്രകാരം മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ മാലിന്യ നിർമ്മാർജ്ജന പരിപാലന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്.
11. കെപിബിആർ-2019 ചട്ടം 34(3)(3) പ്രകാരം ആവശ്യമായ ശുചീകരണ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പു വരുത്തേണ്ടതാണ്.
12. കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗത്തിന് KPBR ചട്ടം 28 പ്രകാരമുള്ള വീതി ലഭ്യമാണ് എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കണം.
13. ചട്ടം 42 പ്രകാരം ഭിന്നശേഷിക്കാർക്കുള്ള ടോയ്‌ലറ്റ്, റാമ്പ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാണ് എന്ന് പഞ്ചായത്ത് ഉറപ്പാക്കണം.
14. ചട്ടം 34(3)(2) പ്രകാരം ആവശ്യമായ കുടിവെള്ള പൈപ്പ് സജ്ജീകരിക്കേണ്ടതാണ്.

15. പ്ലോട്ടിന്റെ എൻട്രി, എക്സിറ്റ് എന്നിവടങ്ങളിൽ മതിയായ സ്പ്ലേ നൽകിയിട്ടുണ്ട് എന്ന് പഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

മേൽ അംഗീകാരം കെട്ടിട നിർമ്മാണം/ഭൂവികസനപ്രവർത്തനം തുടങ്ങുന്നതിനുള്ള അനുമതിയില്ല. കെ.പി.ബി.ആർ-2019 പ്രകാരം സെക്രട്ടറി അപേക്ഷയിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ

I/244179/2024

നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിന് ശേഷം മാത്രമേ അപേക്ഷ നിർമ്മാണാനുമതിക്കായി പരിഗണിക്കാവൂ.

അംഗീകരിച്ച ലേ-ഔട്ട് നമ്പർ : 24/2024.

Signed by Mitzie Thomas
Date: 22-03-2024 20:34:55
Reason: Approved

ടൗൺ പ്ലാനർ

(സീനിയർ ടൗൺ പ്ലാനർ-ഇൻ-ചാർജ്ജ്)

<u>സ്വീകർത്താവ്:</u>

സെക്രട്ടറി,
മണീട് ഗ്രാമപഞ്ചായത്ത്
(അംഗീകരിച്ച പ്ലാൻ സഹിതം)

<u>പകർപ്പ്:</u>

ശ്രീ.ബിജുമോൻ കെ മാത്യു, കുഴിക്കാട്ടുകുഴിയിൽ വീട്, എഴക്കരനാട് സൗത്ത് പി.ഒ, എറണാകുളം-682308